**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഉപഭോക്താവിൽ നിന്ന് പിരിച്ചെടുത്ത അമിത തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല അതോറിറ്റിയുടെ മണക്കാട് കുര്യാത്തി സെക്ഷൻ കൺസ്യൂമർ നം. MDD21157/D ഉപഭോക്താവ്, ഗാർഹിക കുടിവെള്ള കണക്ഷനിൽ നിന്ന് ഒരു കാരണവശാലും ഗാർഹികേതര ആവശ്യങ്ങൾക്ക് കുടിവെള്ളം ഉപയോഗിച്ചിട്ടില്ല എന്നും ജല ഉപയോഗം തെളിവാക്കി തങ്ങളിൽ നിന്ന് പിരിച്ചെടുത്ത അമിത തുക തിരിച്ച നൽകണമെന്നും കാണിച്ച് അപേക്ഷ നൽകിയിരുന്നോ; | (എ) | നൽകിയിട്ടുണ്ട് . |
| (ബി) | ഇക്കാര്യത്തിൽ ഗാർഹികേതര ഉപയോഗം ഏത് തീയതിയിലാണ് സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപെട്ടത്; | (ബി) | 16/03/2020 ലാണ് ഗാർഹികേതര ഉപയോഗം സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപെട്ടത് |
| (സി) | എങ്കിൽ പ്രസ്തുത ഉപഭോക്താവിൽനിന്ന് മേൽപറഞ്ഞ അധിക തുക ഈടാക്കാൻ തീരുമാനിച്ചത് എന്ന് മുതൽക്കാണെന്നും എന്ന് മുതൽ കണക്കാക്കി അധിക തുക പിരിച്ചെടുത്തുവെന്നും എത്ര തുകയാണ് സാധാരണയിൽ നിന്നും അധികമായി കുടുംബത്തിന്റെ ഉപയോഗത്തിൽ കാണിച്ച് ജല അതോറിററി പിരിച്ചെടുത്തത് എന്നും വ്യക്തമാക്കാമോ; | (സി) | 16/03/2020 മുതൽ 20/05/2020 വരെ ഗാർഹികേതര വിഭാഗത്തിലാണ് ബില്ല് ചെയ്തിട്ടുള്ളത് . 20/05/2020 ൽ ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച് ഗാർഹികേതര വിഭാഗത്തിൽ നിലവിൽ വെള്ളം ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ വരുത്തി തിരിച്ച ഗാർഹിക വിഭാഗത്തിലേക്ക് മാറ്റി നൽകിയിട്ടുണ്ട് . ഈ കാലയളവിൽ ഗാർഹികേതര വിഭാഗത്തിൽ ആയതിനാൽ 1204 രൂപ അധികമായി ഒടുക്കേണ്ടി വന്നിട്ടുണ്ട് . |
| (ഡി) | ഉപഭോക്താവിൽനിന്ന് അധികമായി ഗാർഹികേതര ഇനത്തിൽ പിരിച്ചെടുത്ത തുകയ്ക്കാനുപാതികമായി എത്ര യൂണിറ്റ് കുടിവെള്ളമാണ് കൂടുതലായി ഉപയോഗിക്കപ്പെട്ടത് എന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ഡി) | ജനുവരി 2020 മുതൽ മെയ് മാസം 2020 വരെയുള്ള കാലയളവിൽ മുൻ മാസത്തേക്കാൾ 2KL കുടിവെള്ളം പ്രതിമാസം കൂടുതലായി ഉപയോഗിച്ചുയെന്നാണ് കണ്ടെത്തിയത് . |
| (ഇ) | പ്രസ്തുത ഉപഭോക്താവ്, മീറ്റർ റീഡർ ചൂണ്ടിക്കാട്ടിയതിന് വിരുദ്ധമായി, ഗാർഹികേതര കാര്യങ്ങൾക്ക് കുടിവെള്ളം ഉപയോഗപ്പെടുത്തിയിരുന്നില്ല എന്നത് വ്യക്തമായി പരിശോധിച്ച് ഉപഭോക്താവിൽ നിന്നും അധികം | (ഇ) | വിശദമായ പരിശോധന നടത്തിയതിൽ നിന്നും മീറ്റർ റീഡർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നത് റിപ്പോർട്ട് ചെയ്തത് ശരിയാണെന്ന് ബോധ്യപ്പെട്ടതിനാൽ വാട്ടർ സപ്ലൈ റെഗുലേഷൻ 1991, 16(a), 16(b) പ്രകാരമാണ് ഗാർഹികേതര |

| | | | |
|---|---|---|---|
| | ഈടാക്കിയ തുക ഉപഭോക്താവിന്റെ ഭാവിയിലെ ഉപയോഗത്തിനുള്ള അഡ്വാൻസായി കണക്കാക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുമോ? | | വിഭാഗത്തിൽ ബില്ല് ചെയ്തിട്ടുള്ളത് . 20/05/2020-ലെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച ഗാർഹിക വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട് എന്ന് ഉറപ്പ വരുത്തി വീണ്ടും തിരിച്ച ഗാർഹിക വിഭാഗത്തിൽ മാറ്റി നൽകിയിട്ടുണ്ട് . ഉപഭോക്താവിന് മറ്റ ഇളവുകൾ ഒന്നും നിലവിലുള്ള നിയമപ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ